**ഏകീകൃത തൊഴിൽ നിയമം**

216 (917) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ഏകീകൃത തൊഴിൽ നിയമം നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ;

(സി) ഓരോ സാധനങ്ങളും കയറ്റി ഇറക്കുന്നതിന് സർക്കാർ നിശ്ചയിച്ച കൂലി എത്രയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ ചുമട്ടുതൊഴിൽ മേഖലയിൽ ഏകീകൃത കയറ്റിറക്ക് കൂലി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി നിലവിൽ വന്നിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി സംബന്ധിച്ച് ധാരണയായിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുവരുന്നു.

(സി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിലെ ഏകീകൃത കയറ്റിറക്ക് കൂലി അനുബന്ധമായി ചേർക്കുന്നു. *

**കാഷ്യൂ വർക്കേഴ്സിനുവേണ്ടി ട്രേഡ് യൂണിയൻ നേതാക്കൾ സ്വീകരിച്ച നടപടികൾ**

217 (T* 918) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാഷ്യൂ വർക്കേഴ്സ് സെന്റർ (സി.ഐ.റ്റി.യു) -ന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിന് മുമ്പിൽ നടത്തിയ നിരാഹാര സമരത്തിന്റെ ഭാഗമായി ട്രേഡ് യൂണിയൻ നേതാക്കളുടെ യോഗത്തിൽ ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഏതെല്ലാം ഒത്തുതീർപ്പ് വ്യവസ്ഥകൾ അംഗീകരിച്ച്, നടപ്പിലാക്കി എന്നറിയിക്കാമോ;

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly